# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2717 19.06.2014 -ലെ മറുപടിയ്ക്ക്.**

**കോമേഴ്സ് ഹയർ സെക്കന്ററി അധ്യാപകരുടെ ഒഴിവ്**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. അച്ചുതൻ | | ശ്രീ. പി. കെ. അബ്ദുറബ്ബ്.<br>(ബഹു:വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) കോമേഴ്സ് ഹയർ സെക്കന്ററി അധ്യാപകരുടെ ജൂനിയർ-സീനിയർ തസ്തികകളിലെ എത്ര ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; വിശദമാക്കുമോ ; | (എ) | ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ (കൊമേഴ്സ്) സീനിയർ -32<br>ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ (കൊമേഴ്സ്) ജൂനിയർ -191 |
| (ബി) ഇപ്പോൾ പ്രസ്തുത തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ട് ; | (ബി) | ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ (കൊമേഴ്സ്) സീനിയർ -68<br>ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ (കൊമേഴ്സ്) ജൂനിയർ -340 |
| (സി) ഒഴിവുകൾ കേരള പി.എസ്.സി. യിൽ റിപ്പോർട്ട് ചെയ്യണമെന്ന 2-3-2013-ലെ 5755/എ.സി.വി.സി3/2013/പി.& എ.ആർ.ഡി. സർക്കുലറിലെ നിർദ്ദേശം അവഗണിച്ചുകൊണ്ട് ഹയർ സെക്കന്ററി ഡയറക്ടറേറ്റിലെ പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യപ്പെടാതെ കിടക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ കോമേഴ്സ് ജൂനിയർ-സീനിയർ അധ്യാപകരുടെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാതിരുന്ന ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ; | (സി)<br>&<br>(ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഹയർ സെക്കന്ററി വകുപ്പിലെ സ്പെഷ്യൽ റൂൾസ് പ്രകാരം നേരിട്ടുള്ള നിയമനത്തിനായുള്ള ഒഴിവുകളെല്ലാം പി എസ് സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി നിയമന ശുപാർശ നൽകുന്ന മുറയ്ക്ക് ഒഴിവുകളിൽ നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. |

(ഡി) കോമേഴ്സ് ജൂനിയർ-സീനിയർ അധ്യാപകരുടെ ഒഴിവുകളുടെ എണ്ണം പി.എസ്.സി.-ക്ക് ഉടൻ റിപ്പോർട്ട് ചെയ്യുവാനും റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് പ്രസ്തുത ഒഴിവുകൾ പൂർണ്ണമായി നികത്തുവാനും അടിയന്തര നടപടി സ്വീകരിക്കുമോ?

Udayakumar

സെക്ഷൻ ഓഫീസർ